23/11/21

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**
**E-mail: sic.ker@nic.in**

**ഹർജി നമ്പർ CP No. 897(2)/2019/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 15979/SIC-G6/2019 )**

**സന്നിഹിതൻ**

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. വിനോ അഗസ്റ്റ്യൻ,
തെക്കേ കൈതയ്ക്കൽ (വീട്),
ജോസ്ഗിരി (പി.ഒ),
ചെറുപുഴ - 670 511. } പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി ഡിസ്ട്രിക്ട് പ്ലാനിംഗ് ഓഫീസർ,
ഡിസ്ട്രിക്ട് പ്ലാനിംഗ് ഓഫീസ്,
കണ്ണൂർ. } എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 27/08/2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 18/09/2019 |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 03/10/2019 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 05/10/2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 31/10/2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 11/11/2019 |
| കമ്മീഷൻ ഹിയറിംഗ് നടത്തിയ തീയതി :<br>സ്ഥലം : | 27/10/2021<br>ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാൾ, കണ്ണൂർ |
| ഹിയറിംഗ് സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായില്ല<br>ഹാജരായി |

**ഉത്തരവ്**

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. വിനോ അഗസ്റ്റ്യൻ, 03/10/2019 തീയതി

സമർപ്പിച്ച പരാതി ഹർജി 05/10/2019 തീയതിയിൽ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP.No. 897(2)/2019/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷി തെറ്റായ മറുപടി യാണ് ലഭ്യമാക്കിയത് എന്ന ആക്ഷേപമാണ്.

3. പരാതി ഹർജിക്കാരൻ 27/08/2019 തീയതി എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

1. കണ്ണൂർ ജില്ലയിൽ ചെറുപുഴ പഞ്ചായത്തിലെ ജോസ്ഗിരി ടൗണിൽ വിനോ അഗസ്റ്റ്യൻ തെക്കേ കൈതയ്ക്കൽ എന്നയാൾ അനധികൃത കയ്യേറ്റം നടത്തി നിർമ്മാണ പ്രവർത്തനം നടത്തിയതായി കണ്ണൂർ ജില്ലാവികസന സമിതി യിൽ പരാതി ലഭിച്ചതായി അറിയാൻ കഴിഞ്ഞെന്നും
2. പ്രസ്തുത പരാതിയുടെ അന്വേഷണത്തിന്റെ ഭാഗമായ് ഏതെല്ലാം ഡിപ്പാർട്ട്മെന്റിലേയ്ക്കാണ് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കു വാൻ നൽകിയിരിക്കുന്നതെന്നും
3. പ്രസ്തുത പരാതിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിയ്ക്കാൻ നിർദ്ദേശിച്ചിരിക്കുന്ന ഡിപ്പാർട്ട്മെന്റിൽ നിന്നും മറുപടിയായ് വന്നിരിക്കുന്ന അന്വേഷണ റിപ്പോർട്ടിന്റെ കോപ്പി തരണമെന്നും
4. പ്രസ്തുത പരാതിയിന്മേൽ കണ്ണൂർ ജില്ലാ വികസന സമിതി ഇപ്പോൾ എടുത്തിരിക്കുന്ന അന്തിമ തീരുമാനം എന്തെന്നുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ 18/09/2019-ന് എതിർകക്ഷി മറുപടിയും നൽകിയിട്ടുണ്ട്.

4. എതിർകക്ഷി 27/10/2021-ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, പൊതുമരാമത്ത് റോഡ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ, പയ്യന്നൂർ തഹസിൽദാർ, ഭൂമി ഉൾപ്പെടുന്ന തദ്ദേശഭരണ സ്ഥാപനം എന്നിവരുടെ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് ശ്രീ. വിനോ അഗസ്റ്റിൻ, തെക്കേ കൈതക്കൽ വീട്, ജോസ് ഗിരി എന്നിവർ വീണ്ടും സമർപ്പിച്ച അപേക്ഷയും 02/11/2019-ന് ലഭിക്കുകയുണ്ടായെന്നും പയ്യന്നൂർ തഹസിൽദാർ ഭൂമി ഉൾപ്പെടുന്ന തദ്ദേശഭരണ സ്ഥാപനത്തിന് വേണ്ടി പഞ്ചാ യത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ സമർപ്പിച്ച റിപ്പോർട്ടുകളുടെ പകർപ്പുകളും, പൊതുമരാമത്ത് റോഡ് വിഭാഗത്തിൽ നിന്നും എഴുതി തയ്യാറാക്കിയ റിപ്പോർട്ട് സമർപ്പി ക്കാത്തതിനാൽ ബന്ധപ്പെട്ട യോഗങ്ങളുടെ പകർപ്പുകളും 20/11/2019-ന് അപേക്ഷകന്

അയച്ചു നൽകിയിട്ടുണ്ടെന്നും, കൂടാതെ ഇതേ വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. വിനോ അഗസ്റ്റിനിൽ നിന്ന് 25/01/2020-ന് ലഭിച്ച അപേക്ഷയിൽ 06/02/2020-ന് മറുപടി നൽകിയിട്ടുള്ളതായും, ടി രണ്ട് മറുപടിയിലും അപ്പീൽ അധികാരിയുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നുമാണ് റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഹർജിക്കാരൻ ആവശ്യപ്പെട്ട ലഭ്യമായ വിവരം ടിയാന് നൽകിയിട്ടുള്ളതാണെന്ന് കമ്മീഷന് ബോധ്യമാകുന്ന സാഹചര്യത്തിൽ ടി ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം **2021 ഒക്ടോബർ 29-ാം തീയതി** കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

AV